## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2356 — 20.06.2012 ൽ മറുപടിയ്ക്ക്

### ഭൂഗർഭ ജലചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് കുഴൽ കിണറുകൾ നിർമ്മിച്ച് ഭൂഗർഭജലം വൻ തോതിൽ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരി ച്ചിട്ടുണ്ട് ; | എ) സംസ്ഥാനത്ത് പലസ്ഥലങ്ങളിലും ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യപ്പെടുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് നടപ്പിലാ ക്കിയ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരമുള്ള നിയന്ത്രണങ്ങൾ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാന ത്തെ അമിത ചൂഷിത ബ്ലോക്കുകളെ ഭൂജല അതോറിറ്റിയുടെ ശുപാർശ പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിക്കുകയും പ്രസ്തുത ബ്ലോക്കു കളിൽ ആവശ്യമായ നിയന്ത്രണ ങ്ങൾ ഏർ പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബ്ലോക്കുകളിൽ ഗാർഹി കേതര ഉപഭോഗത്തിന് കിണർ നിർമ്മിക്കുന്നതിനായി ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യ മാണ്. ഭൂജലം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് അനുമതി ലഭിക്കാനായി അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. ഭൂജല ( നിയന്ത്രണവും ക്രമീകരണവും) |

→

ആക്റ്റ് പ്രകാരം നിയമം ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കാറുണ്ട്.

ബി) ഭൂഗർഭജലം ഉപയോഗിക്കുന്നതിന് അനുമതി ആവശ്യമായിട്ടുണ്ടോ ; എങ്കിൽ ഏത് വകുപ്പിന്റെ അനുമതിയാണ് വേണ്ടത് ;

ബി) ഭൂഗർഭജലം ഉപയോഗിക്കുന്ന ഗാർഹിക ഭൂജല ഉപഭോക്താക്കൾക്ക് ഭൂജല വകുപ്പിന്റെ അനുമതി ആവശ്യമില്ല. എന്നാൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നതിന് ഗാർഹിക ആവശ്യങ്ങൾക്കൊഴികെയുള്ള ഭൂജല ഉപഭോക്താക്കൾ ഭൂജല വകുപ്പിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതാണ്. വ്യവസായങ്ങൾക്കും കുടിവെള്ള ബോട്ട്ലിംഗ് യൂണിറ്റുകൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് ഭൂജല വകുപ്പിന്റെ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള ഭൂജല അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.

സി) വൻ തോതിൽ ഭൂഗർഭജലം ചൂഷണം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

സി) ഭൂഗർഭജല ചൂഷണം കൊണ്ട് ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

- കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരമുള്ള വകുപ്പുകൾ നടപ്പിലാക്കി വരുന്നു.
- ഭൂജല സമ്പത്ത് കുറയുന്ന പ്രദേശങ്ങളിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- തീരദേശ മേഖലകളിൽ അമിതമായി ഭൂജല ചൂഷണം – ഉപ്പ് വെള്ളത്തിന്റെ കടന്ന് കയറ്റം വ്യാപിക്കാതിരിക്കുവാൻ, ഭൂജല ഉപഭോഗം കുറയ്ക്കുന്നതിനു വേണ്ടി – കേരള ഭൂജല (നിയന്ത്രണവും – ക്രമീകരണവും) ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ